# INDIAN SCHOOL AL WADI AL KABIR

## MIDTERM EXAMINATION (2023- 24)

## CLASS VIII (3rd Lang.) MALAYALAM

### മലയാളം

**Time allowed:** $2\frac{1}{2}$ **Hours** **Maximum Marks : 80**

അനുവദിച്ച സമയം: $2\frac{1}{2}$ മണിക്കൂർ ആകെ മാർക്ക് : 80

**Date: 17-09-2023**

---

❖ **Please check this question paper contains 6 printed pages and 13 questions.**

---

1) **താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

ചെറുപുള്ളിച്ചിറകുള്ള ചങ്ങാലിപ്രാവേ
തലതല്ലിക്കരയുന്നതെന്തുകൊണ്ടോ? -നിന്റെ
തലതല്ലിക്കരയുന്നതെന്തുകൊണ്ടോ?
പറയുന്നു ചങ്ങാലീ,"ഞാനിന്നു നാഴി-
പ്പയറെൻമകൾക്കു കൊടുത്തുപോയ്, ഉപ്പിട്ടു
തിരിയേ വരുമ്പോൾ വറുത്തുവയ്ക്കാൻ.
തിരിയേ വരുന്നേര, മെന്തു ചൊല്ലേണ്ടൂ,
ഉരിയേ പയറുള്ളൂ ചട്ടിയിലൊട്ടാകെ,
യുരിയേ പയർമണി കണ്ടതുള്ളൂ!
പയറെന്തു ചെയ്തു നീയറുകള്ളിപ്പെണ്ണേ?
പകുതിയുമില്ലല്ലോ, നീ കൊറിച്ചോ, നിന്റെ
പല കൂട്ടുകാർക്കും സത്കരിച്ചോ?
പറയുന്നീലവളൊന്നും, വറവു തീർന്നപ്പോൾ
പയറിത്രമാത്രമേ കണ്ടതുള്ളൂ, കള്ളം
പറയുന്നതല്ല ഞാൻ തെല്ലുമമ്മേ.

പൊളിയാണിതെല്ലാം, ഞാൻ പൊട്ടിയെന്നോർത്തോ
കലികൊണ്ടു കൊത്തി ഞാൻ നെഞ്ചിൽ നീളെ, യെന്റെ
കലികൊണ്ടു കൊന്നു ഞാൻ പൊന്നുമോളേ!
പക തീർന്നു, താനേ വറുത്തു ഞാൻ നാഴി -
പ്പയ, റുപ്പു ചേർത്തു, വറുത്തപ്പോഴോ, മണി-
പ്പയറുരി മാത്രമേ കണ്ടതുള്ളൂ.
പഴിചാരി കൊത്തി ഞാൻ കൊന്നുപോയല്ലോ
പയർ വറുക്കുമ്പോൾ കുറഞ്ഞുപോമെന്നുള്ള
പരമാർഥമറിയാതെൻ പൊന്നുമോളെ!
ഉരിമണിപ്പയറിന്നു കുഞ്ഞിനെക്കൊന്നേൻ-
ഉലകത്തിലെന്തിന്നു ഞാനിരിപ്പൂ, മേലി-
ലുലകത്തിലെന്തിനു ഞാനിരിപ്പൂ!

**ചോദ്യങ്ങൾ** **(5x1 = 5)**

1) ആരാണ്  തലതല്ലി കരയുന്നത്?
2) ചങ്ങാലിപ്രാവിന്റെ ചിറക് എങ്ങനെയുള്ളതാണ്?
3) ചങ്ങാലിപ്രാവ്   മകളെ പയർ ഏൽപ്പിച്ചത് എന്തിനുവേണ്ടിയാണ്?
4) "പരമാർത്ഥമറിയാതെൻ പൊന്നുമോളെ"! എന്തായിരുന്നു പരമാർത്ഥം?
5) തനിക്ക് തെറ്റു പറ്റിപ്പോയി എന്ന് എന്തു ചെയ്തപ്പോഴാണ് ചങ്ങാലി തിരിച്ചറിഞ്ഞത്?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക്  ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(8 x 1= 8)**

1) 'മാൻമാർക്ക് കുട' എന്ന പാഠഭാഗം ഏത്  കൃതിയിൽ  നിന്ന് എടുത്തിട്ടുള്ളതാണ്?
(കഴിഞ്ഞകാലം, കണ്ണീരും കിനാവും, കൊഴിഞ്ഞ ഇലകൾ)
2) കുഞ്ഞുപാത്തുമ്മയെ പാട്ടു പഠിപ്പിച്ചത് ആരാണ്?
(മാന്ത്രികൻ, ആയിഷ, കൂട്ടുകാർ)

3) "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്."
എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത് ?
(ആനയെക്കുറിച്ച്, കുരുവിയെക്കുറിച്ച്, അട്ടയെക്കുറിച്ച്)

4) ഏതു വാചകം വായിച്ചപ്പോഴാണ് വി.ടി യുടെ മനസ്സിൽ ആഹ്ളാദധ്വനി വിനിർഗളിച്ചത്?
(വിജയദശമി, മാൻമാർക്ക് കുട, പണപ്പായസം)

5) 'മാതൃദു:ഖം' എന്ന കവിത എഴുതിയത് ആര്?
(എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ)

6) "അയാൾ അവളുടെ കൈ പിടിച്ചു കയറ്റി". ആരാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത്?
(ബാപ്പ, ആനമക്കാര്, നിസാർ അഹമ്മദ്)

7) 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവൽ എഴുതിയതാര്?
(നിസാർ അഹമ്മദ്, വി.ടി. ഭട്ടതിരിപ്പാട്, വൈക്കം മുഹമ്മദ് ബഷീർ)

8) ശ്രീരാമന്റെ വാക്കുകൾ കേട്ട് പാരിൽ മോഹിച്ചു വീണത് ആര്?
(കൗസല്യ, കൈകേയി, സുമിത്ര)

**3) അർത്ഥം എഴുതുക** **(8x ½=4)**

1) അകായ്
(മാളിക, വീടിനകം, കാട്)

2) അർണവം
(സമുദ്രം, പ്രകാശം, ആതപം)

3) വിശുദ്ധി
(വിവശ, പരിശുദ്ധി, നന്ദി)

4) നയനം
(കണ്ണ്, നാസിക, നിഗമം)

5) കൊണ്യാരം
(ശപഥം, കിനാവ്, കിന്നാരം)

6) അരണ്യം

(നിണം, കാട്, ആകുലം)

7) നിശീഥിനി

(വർഷം, രാത്രി, സ്വപ്നം,)

8) കെഞ്ചുക

(ഭുജിക്കുക, കൊളുത്തുക, യാചിക്കുക)

**4) അർത്ഥവ്യത്യാസം എടുത്തെഴുതുക** **(2x 1=2)**

1) അർത്ഥം - അർദ്ധം

(പകുതി - പൊരുൾ, പൊരുൾ - പ്രകാശം, പൊരുൾ - പകുതി)

2) കനിവ് - കിനാവ്

(സ്വപ്നം - ദയ, ദയ - സ്വപ്നം, സ്വപ്നം - ശപഥം)

**5) പര്യായപദങ്ങൾ എടുത്തെഴുതുക** **(6x 1=6)**

1) മകൻ

(സുത, പുത്രൻ, തനയ, സുതൻ)

2) വെള്ളം

(സലിലം, മനം, ചിത്തം, ജലം)

3) കാറ്റ്

(മാരുതൻ, വല്ലഭൻ, പവനൻ, അർഭകൻ)

4) പൂവ്

(സുമം, നിശ, കുസുമം, രജനി)

5) വീട്

(ഭവനം, പത്രം, പക്ഷം, ഗൃഹം)

6) പശു

(ഗോവ്, പതി, അർഭകൻ, ധേനു)

**6) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(4x ½=2)**

1) അന്ദരീക്ഷം, അന്തരീക്ഷം, അന്ധരീക്ഷം

2) കാപട്യം, കാപഠ്യം, കാപട്ട്യം

3) വിജ്ഞാനം, വിഞ്ജാനം, വിജ്ജാനം

4) നിശ്ശബ്ദത, നിശ്ശബ്ധത, നിശ്ശബ്ഥത

**7) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **(4x 1=4)**

1) പ്രതീക്ഷയോടെ/ നയനങ്ങൾ /അവളുടെ / എന്റെ / പറ്റിനിന്നു / മുഖത്തു/ വിടർന്ന

2) ചിന്തിച്ചു/രാത്രി/ആ /ഞാൻ/മുഴുവൻ/ഭാവിയെപ്പറ്റി/ എന്റെ

3) തമ്മിൽ /കുരുവികൾ/ദിവസം/വഴക്കുകൂടുന്നത്/ഒരു/ രണ്ടു / കണ്ടു/ കുഞ്ഞുപാത്തുമ്മ

4) രക്ഷപ്പെട്ടു/അങ്ങനെ/ആ/ഞാൻ/തത്കാലം/കുട്ടിയിൽനിന്ന്

**8) ചേർത്തെഴുതുക** **(6x 1=6)**

1) കച്ച + തോർത്ത്
2) എഴുതി + തന്നു
3) ഭാവിയെ + പറ്റി
4) പെൺകൊടി + ആണ്
5) ജീവൻ + ഉണ്ടോ
6) തൂക്കി + ഇട്ട

**9) പിരിച്ചെഴുതുക** **(6x 1=6)**

1) ഓലക്കുട
2) കിനിഞ്ഞിറങ്ങിയ
3) പാട്ടാണ്
4) പറന്നെത്തിയ
5) സന്തുഷ്ടയായ്
6) അവസരമില്ല

**10) എതിർലിംഗം എഴുതുക** **(4x 1=4)**

1) നായിക
2) തമ്പുരാൻ
3) അമ്മ
4) മകൻ

**11)** **വിപരീത പദം എഴുതുക** **(6x 1=6)**

| | | |
|---|---|---|
| 1) സന്താപം | 2) ദു:ഖം | 3) ഇണക്കം |
| 4) രക്ഷ | 5) ദാരിദ്ര്യം | 6) ഗുണം |

**12)** **കേരളത്തിലെ ജില്ലകളുടെ പേര് എഴുതുക** **(7)**

**13)** **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(10x 2=20)**

1) വി.ടി എടുത്ത ശപഥം എന്തായിരുന്നു?
2) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത്?
3) വി.ടി. ലജ്ജിതനായത് എന്തുകൊണ്ട്?
4) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട്?
5) "അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല". ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?
6) എന്തുകൊണ്ടാണ് 'ഇപ്പോൾ ഭുജിപ്പാൻ സമയമില്ലെന്ന്' ശ്രീരാമൻ മാതാവിനോട് പറയുന്നത്?
7) വി.ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത്?
8) ദശരഥമഹാരാജാവ് കൈകേയിയ്ക്ക് നൽകിയ വരങ്ങൾ ഏതെല്ലാം?
9) തിയ്യാടിപെൺകുട്ടി വി.ടി. യോടു ചോദിച്ച സഹായമെന്ത്?
10) ആരാണ് ദണ്ഡധരാലയത്തിൽ പോകുമെന്ന് പറയുന്നത് ?

****